LIBRARY ARCHIVES Kerala Legislative Assembly

ട്രഷറി നിക്ഷേപം ആകർഷകമാക്കുന്നതിനുള്ള നടപടി

71 (1896) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ട്രഷറി നിക്ഷേപം ആകർഷകമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെയും സർക്കാർ സ്ഥാപനങ്ങളുടെയും ട്രഷറി നിക്ഷേപം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) 2013-14, 2014-15 വർഷങ്ങളിൽ ട്രഷറികളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും ബാങ്കുകളിലേക്ക് നിക്ഷേപം മാറ്റിയിട്ടുണ്ടോ ; എങ്കിൽ എത്ര തുക മാറ്റിയിട്ടുണ്ട് ; അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ട്രഷറി നിക്ഷേപങ്ങളിലേക്ക് പൊതുജനങ്ങളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ട്രഷറി സ്ഥിരനിക്ഷേപങ്ങൾക്കുള്ള പലിശനിരക്ക് പുതുക്കി G.O.(P) 156/15/Fin dated 29-4-2015 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ Short Term Special Deposit Scheme പ്രകാരം ഒന്നുമുതൽ മൂന്ന് മാസം വരെയുള്ള നിക്ഷേപങ്ങൾക്ക് 7.5% പലിശ നൽകുന്നതിന് G.O.(Ms) No. 121/2014/Fin dated 29-3-2014 പ്രകാരവും അനുമതി നൽകിയിട്ടുണ്ട്.

ട്രഷറി സ്ഥിരനിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥിരനിക്ഷേപങ്ങൾ ക്യാൻവാസ് ചെയ്യുന്ന ട്രഷറി ഉദ്യോഗസ്ഥർക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ/ വെൽഫെയർ ബോർഡുകൾ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ വിഹിതമായി നൽകിയ ഫണ്ടുകൾ സർക്കാർ ട്രഷറികളിൽ മാത്രമേ നിക്ഷേപിക്കാവൂ എന്നും അവയുടെ സ്വന്തം ഫണ്ടുകൾ സർക്കാർ ട്രഷറികളിലെ സ്ഥിരനിക്ഷേപങ്ങളേക്കാൾ ഉയർന്ന പലിശ ലഭ്യമാകുന്ന സാഹചര്യത്തിൽ മാത്രമേ മറ്റ് ബാങ്കുകളിൽ നിക്ഷേപിക്കാവൂ എന്നും നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഫണ്ടുകൾ ബാങ്കിൽ നിക്ഷേപിക്കുന്നത് കണ്ടെത്താനായി ധനകാര്യ പരിശോധനാ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ക്ഷേമനിധി ബോർഡുകളിലെയും നിക്ഷേപങ്ങൾ സംസ്ഥാന ട്രഷറി സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കുന്നു എന്നത് ഉറപ്പുവരുത്താൻ ക്ഷേമനിധി ബോർഡുകളിലെ ചീഫ് കോ-ഓർഡിനേറ്റർ എന്ന നിലയിൽ ലേബർ കമ്മീഷണറെ ചുമതലപെപ്പടുത്തി ഉത്തരവായിട്ടുണ്ട്.

(സി) ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ ധനസഹായങ്ങളും ഫണ്ടുകളും തിരികെ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന കർശന നിർദ്ദേങ്ങൾ പുറപ്പെട്ടുവിച്ചിട്ടുണ്ട്. (സർക്കുലർ 31/2014/Fin തീയതി 27-3-2014) സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നികുതി കുടിശ്ശിക

72 (1897) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ നികുതി കുടിശ്ശികയുണ്ടോ ; എങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിൽ നികുതി കുടിശ്ശികയ്ക്ക് ഇടയായ കാരണങ്ങൾ ഏതെല്ലാം ; അവ ഓരോന്നുംമൂലം കുടിശ്ശികയായ തുക എത്ര വീതം വ്യക്തമാക്കാമോ ;

(സി) 2015-16 വർഷത്തെ നികുതി കുടിശ്ശിക എത്ര ; ഇതിൽ എത്ര തുക ഇതുവരെ പിരിച്ചെടുത്തു ; വ്യക്തമാക്കാമോ ;

(ഡി) ഇനിയും പിരിഞ്ഞ് കിട്ടാനുള്ള കുടിശ്ശിക എത്ര; ഇത് ഏതെല്ലാം വകുപ്പുകളിൽ നിന്ന് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. വകുപ്പുതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

രജിസ്ട്രേഷൻ വകുപ്പ്	-	1.427 കോടി രൂപ
എക്സൈസ് വകുപ്പ്	-	245.54 കോടി രൂപ
ലാന്റ് റവന്യൂ വകുപ്പ്	-	52.78 കോടി രൂപ

(നികുതി കുടിശ്ശികയും വിവിധ സ്കീമുകളിലായി 109.96 കോടി രൂപയും)

വാണിജ്യ നികുതി വകുപ്പ്	-	6566. 72 കോടി രൂപ
മോട്ടോർ വാഹന വകുപ്പ്	-	1289.25 കോടി രൂപ

(ഇതിൽ 1050.09 കോടി രൂപ KSRTC-യുടെ കുടിശ്ശികയാണ്.)

LIBRARY ARCHIVES Kerala Legislative Assembly